# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.485

## 29-10-2019 - ലെ മറുപടിക്ക്

### മഞ്ചേരി നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്

| ചോദ്യം<br>**ശ്രീ. എം. ഉമ്മർ** | മറുപടി<br>**ഡോ. റ്റി. എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി)** |
|---|---|
| എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ ആസ്തിവികസനഫണ്ടിലും സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ടിലുമായി 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലെ എല്ലാ പ്രവർത്തികളും പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | വിവരം ശേഖരിച്ച് വരുന്നു |
| ബി) പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ ടെണ്ടർ സേവിംഗ്സ്/എക് സസ് എന്നീയിനങ്ങളിൽ എത്ര തുക മിച്ചമുണ്ടെന്ന് വ്യക്തമാക്കാമോ; | നിയോജകമണ്ഡല ആസ്തി വികസന നിധി മുഖാന്തിരം ഉള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി മൂന്ന് വർഷത്തിനുള്ളിൽ പ്രവൃത്തി ആരംഭിച്ചാൽ മതിയാകും. ഇല്ലാത്ത പക്ഷം പ്രത്യേകാനുമതിയിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ സാങ്കേതികാനുമതിയും നൽകുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്ക് ശേഷം പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ് /എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അതായത് ഓരോ എം.എൽ.എ യും അതാത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ്/എക്സസ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ |
| സി) പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പ്രസ്തുത സാമ്പത്തിക വർഷങ്ങളിലെ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് അറിയിക്കുമോ; | എം.എൽ.എ -എ.ഡി.എഫ് ൽ 2016-17 സാമ്പത്തിക വർഷത്തിലെ വിവരം ശേഖരിച്ച് വരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ പാണ്ടിക്കാട് ജി.എച്ച്.എസ്.എസ് ന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. എം.എൽ.എ -എസ്.ഡി.എഫ് ൽ 2016-17 സാമ്പത്തിക വർഷത്തിൽ കരിക്കാട് അംഗൻവാടി കെട്ടിടം എന്ന പ്രവൃത്തിയും, 2017-18 സാമ്പത്തിക വർഷത്തിൽ ആമയൂർ ക്ഷീരോത്പാദക സഹകരണ സംഘം കെട്ടിടം എന്ന പ്രവൃത്തിയും പൂർത്തീകരിച്ചിട്ടില്ല |
| ഡി) ടെണ്ടർ സേവിംഗ്സ് ഉണ്ടെങ്കിൽ പ്രസ്തുത തുക വിനിയോഗിക്കാൻ ഈ സാമ്പത്തിക വർഷം കഴിയുമോ എന്നറിയിക്കാമോ? | 04.08.2018 ലെ സ.ഉ (അ )നം.119/2018/ധന സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 2.8 പ്രകാരം നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി 2017-18 സാമ്പത്തിക വർഷത്തിന് കീഴിൽ അനുമതി നൽകിയ പ്രവൃത്തികളുടെ ടെണ്ടർ എക്സസ് / ടെണ്ടർ സേവിംഗ്സ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2018-19 ന് കീഴിൽ പരിഗണിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**